**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

.........................................

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 5373**

**01.07.2019 - ൽ മറുപടിക്ക്.**

## വ്യവസായ യൂണിറ്റുകൾ വഴി പ്ലാസ്റ്റിക് മാലിന്യ സംസ്കരണവും പുനരുപയോഗവും

<u>ചോദ്യം</u>
ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ

<u>**മറുപടി**</u>
**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

(എ) വൻതോതിലുള്ള പ്ലാസ്റ്റിക് മാലിന്യ ത്തിന്റെ വെല്ലുവിളി നേരിടാൻ പ്ലാസ്റ്റിക് ശേഖരിച്ച് വൃത്തിയാക്കി പൊടിയ്ക്കുന്ന വൻകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിയ്ക്കുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) സ്വകാര്യ മേഖലയിൽ ആരംഭിക്കുന്ന ഇത്തരം വ്യവസായ സംരംഭങ്ങൾക്ക് എന്തെല്ലാം പ്രോത്സാഹനമാണ് നൽകി വരുന്നത്; നല്കുന്നില്ലെങ്കിൽ ഇനിമുതൽ സഹായങ്ങളും പ്രോത്സാഹനവും നൽകുവാൻ തയ്യാറാകുമോ;

സി) പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനു വേണ്ടി വൃത്തിയാക്കിയ പ്ലാസ്റ്റിക് ശേഖരിച്ച് പൊടിക്കുന്ന യൂണിറ്റുകൾ ചില പഞ്ചായത്തുകളും സ്വകാര്യവ്യക്തികളും നിലവിൽ ആരംഭിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ ; ഇത്തരം ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് എന്തെല്ലാം സഹായ ങ്ങളാണ് ചെയ്തു വരുന്നത് ; ഭാവിയിൽ എന്തെല്ലാം സഹായവും പ്രോത്സാ ഹനവും ചെയ്തുകൊടുക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(എ), (ബി) & (സി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന *ക്ലീൻ കേരള കമ്പനി* മുഖേന പ്ലാസ്റ്റിക് മാലിന്യ സംസ്കരണ കേന്ദ്രം ആരംഭിക്കുന്നതിന് അനുമതി നൽകി യിട്ടുണ്ട്. മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്ത് ഇതിനായുള്ള ഒരു കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തിയായി വരുന്നു. സംരംഭക സഹായ പദ്ധതി പ്രകാരം ചെറുകിട സൂക്ഷ്മ ഇടത്തരം വ്യവസായ മേഖലയിൽ തുടങ്ങുന്ന പ്ലാസ്റ്റിക് റീസൈക്ലിംഗ് അടിസ്ഥാനത്തിലുള്ള വ്യവസായ സംരംഭങ്ങൾക്കും ബയോ ഡീഗ്രേഡബിൾ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങൾക്കും 10% അധിക സബ്സിഡി അനുവദിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റുകൾ പല ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വ്യവസായ വകുപ്പ് വഴി നൽകുന്ന മറ്റ് വിവിധ സേവനങ്ങൾ ; K-SWIFT വഴി വിവിധ വകുപ്പുകളിൽ നിന്നും ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള സൗകര്യം, PMEGP പദ്ധതി പ്രകാരം സബ്സിഡിയോടു കൂടിയുള്ള വായ്പാ പദ്ധതി, വിവിധ പരിശീലന പരിപാടികളിലുള്ള പങ്കാളിത്തം, ബിസിനസ് ഇൻകുബേഷൻ സെന്റർ വഴിയുള്ള സാങ്കേതിക സഹായം എന്നിവയും ഈ മേഖലയിൽ വ്യവസായ സംരംഭം ആരംഭിയ്ക്കുന്നവർക്ക് നൽകി വരുന്നു MSME മേഖലയിലുള്ള വ്യവസായ സംരംഭം എന്ന നിലയിൽ ഇത്തരം

സ്ഥാപനങ്ങൾക്ക് വൈദ്യുതി നിരക്കിലും ഇളവ് ലഭ്യമാക്കുന്നുണ്ട്.

ഡി) പരിസ്ഥിതിയെയും നമ്മുടെ നിലനിൽപ്പിനേയും ദോഷകരമായി ബാധിക്കുന്ന പ്ലാസ്റ്റിക് കവറുകളുടെയും പ്ലാസ്റ്റിക്ക് കപ്പികളുടെയും ഉൽപ്പാദനം നിയന്ത്രിക്കുമോ ;

(ഡി) ഉപയോഗിച്ച കുടിവെള്ള കുപ്പികൾ പാതയോരങ്ങളിലും ജലാശയങ്ങളിലും മറ്റും വലിച്ചെറിയുന്നതു മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി സ്റ്റാർ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹൗസ് ബോട്ടുകൾ, 500 ബെഡിൽ കൂടുതലുള്ള ഹോസ്പിറ്റലുകൾ എന്നിവിടങ്ങളിൽ PET ബോട്ടിലുകളുടെ ഉപയോഗം നിരോധിച്ചുകൊണ്ട് 14.06.2018-ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർക്കുലർ ഇറക്കിയിട്ടുണ്ട്. കൂടാതെ പ്രധാനപ്പെട്ട 68 വിനോദ സഞ്ചാര കേന്ദ്രങ്ങളിലും ബീച്ചുകളിലും one time use പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ട് 11.10.2018-ൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് കൂടാതെ തീർത്ഥാടന കാലങ്ങളിൽ നിലയ്ക്കൽ, പമ്പ, ശബരിമല എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ട് 08.11.2018-ൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

ദേവികുളം താലൂക്കിൽ one time use പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ട് 27.06.2018 ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം നിരോധിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് പ്ലാസ്റ്റിക് നിരോധനത്തിന്റെ പരിധിയിൽ വരുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ പട്ടിക തയ്യാറാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്,

എൻവയോൺമെന്റൽ എഞ്ചിനീയർ, ഡിപ്പാർട്ട്മെന്റ് ഓഫ് എൻവയോൺമെന്റ് & ക്ലൈമറ്റ് ചെയ്ഞ്ച്, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് & കോമേഴ്സ്, CIPET പ്രതിനിധി, KPMA പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതിയെ 10.12.2018 ലെ നം.G.O(Rt)No.134/2018/Envt പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

(ഇ) ഇത് ഉൽപാദിപ്പിക്കുന്നവരിൽ നിന്നും പ്രത്യേക നികുതി ഈടാക്കി അതുപയോഗിച്ച് നിലവിലുള്ള പ്ലാസ്റ്റിക്ക് പൊടിച്ച് റോഡ് ടാറിംഗിനും ഫ്ലോർ ടൈലിംഗിനും ഉപയോഗിക്കുന്ന വ്യവ സായ യൂണിറ്റുകൾ സ്ഥാപിക്കുകയോ അതിനുള്ള പ്രോത്സാഹനം നൽകു കയോ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കച്ചവട സ്ഥാപനങ്ങൾ/വീടുകളിൽ നിന്നുണ്ടാകുന്ന പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ വൃത്തിയാക്കി വേർതിരിച്ച് അംഗീകൃത മാലിന്യം കൈകാര്യം/നിർമ്മാർജ്ജനം ചെയ്യുന്നതിനായി തദ്ദേശസ്ഥാപനങ്ങൾ മെറ്റീരിയൽ കളക്ഷൻ സംവിധാനങ്ങൾ വിവിധ സ്ഥലങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അവിടെ നിന്നും ഇവയെ അംഗീകൃത റിസൈക്ലിംഗ് യൂണിറ്റിലേക്കോ റോഡ് ടാറിംഗിനായോ ക്ലീൻ കേരള കമ്പനി മുഖേന നൽകി വരുന്നു.

സെക്ഷൻ ഓഫീസർ.